ഓരോ റോഡിനും എത്ര രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; ഇവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

3 റോഡുകൾ. ഇവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	പാക്കേജ് നമ്പർ	റോഡ്	എസ്റ്റിമേറ്റ് (തുക ലക്ഷത്തിൽ)
1	കെ.ആർ. 11-33	ഈട്ടിച്ചുവട് നീലിപ്പാറാവ്	109.22
2	കെ.ആർ. 11-42	തുലാപ്പള്ളി മുളന്താനം	70.76
3	കെ.ആർ. 11-43	വയ്യാറ്റുപുഴ തേരകത്തുമണ്ണ്	148.20

പി.എം.ജി.എസ്.വൈ. പദ്ധതിയിലെ റോഡ് നിർമ്മാണം

19 (7316) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഏതെല്ലാം റോഡുകളാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2012-13 സാമ്പത്തിക വർഷത്തെ പി.എം.ജി.എസ്.വൈ.യുടെ ഭൗതിക ലക്ഷ്യം നേടിയോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2013-14 വർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; അതിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ ; അതിനായി എത്ര തുക നീക്കിവച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 394.209 കി.മീ റോഡ് നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly